തേവയാന ഉതവികളേ റെവന്യൂ അമൈച്ചർ അവർകൾ ചെയ്യ വേണ്ടുമെന്റു കേട്ടുക് കൊൾവതോടു ഇന്ത മൂന്റു പഞ്ചായത്തുകളിലും ഉൾള ഹരിജന മക്കളുടെയ കഷ്ടത്തയും കൂറ വിരുമ്പുകിറേൻ. അതാവതു അവർകളുക്കു വീടു കെട്ടുവതർക്കു കണിചമാന തൊകൈ കൊടുക്ക വേണ്ടും. അന്ത തൊകൈയൈക് കൊടുപ്പതർക്കു തേവയാന നടവടിക്കൈകളേ മാർച് 31-ർക്കുൾ എടുക്ക വേണ്ടും. അങ്കുൾള റെവന്യൂ റിക്കവറി ഉത്തിയോകസ്തർകൾ അന്ത ഏഴൈ ഹരിജന മക്കളേ തൊന്തരവു ചെയ്തുകൊണ്ടിരുക്കിറാർകൾ. ആകൈയാൽ റെവന്യൂ അമൈച്ചർ അവർകൾ റിക്കവറിക്കാന നടവടിക്കൈകളേ നിറുത്തി വൈപ്പതർകാന ഉത്തരവൈ ഉടനടിയാക ഇടിക്കി ജില്ലാ കലൈക്ടരുക്കു കൊടുക്കുമ്പടി കേട്ടുക്കൊൾകിറേൻ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ശ്രീ. വരദൻ പറഞ്ഞ മറയൂർ, കാന്തല്ലൂർ, വട്ടവട ഈ മൂന്നു പഞ്ചായത്തുകളും വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥിരമായി വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഇത്തവണയും അവിടെ കൃഷിക്കാർക്ക് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. കുറേ തുക ഇതിനോടകം അവിടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ അവിടെ പാവപ്പെട്ട ആളുകൾക്ക് വീടു വച്ചുകൊടുക്കാനുള്ള ഏർപ്പാടുകൾ ഉണ്ട്. ഏറ്റവും വേഗം അവിടത്തെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ടി ഏപ്രിൽമാസം ആദ്യം മൂന്നാറിൽതന്നെ ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. അവിടെ റവന്യൂ റിക്കവറി നടപടികൾ പരിപൂർണ്ണമായി നിറുത്തിവച്ചിട്ടുണ്ട്.

(6) ചിറയിൻകീഴ് പോലീസ് സ്റ്റേഷനിലെ പോലീസ് മർദ്ദനം

ശ്രീ. പി. വിജയദാസ് : ഈ കഴിഞ്ഞ 17-ാം തീയതി രാത്രി ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ ദാസി എന്നു പറയുന്ന ഒരു യുവാവിനെ വിളിച്ചു കൊണ്ടുപോയി ക്രൂരമായി, മൃഗീയമായി മർദ്ദിച്ച് അവശനാക്കി പിറേന്ന് രാത്രി ഒൻപത് മണിക്കാണ് വിട്ടത്. ഇവിടെനിന്നും പുറത്ത് ഇറങ്ങി നടക്കാൻപോലും കഴിയാത്ത നിലയിൽ അദ്ദേഹത്തെ നേരെ ചിറയിൻകീഴ് ആശുപത്രിയിലേക്കാണ് കൊണ്ടുപോയത്. അവിടെനിന്നും നേരെ മെഡിക്കൽകോളേജിൽ കൊണ്ടുപോകാൻ ഡോക്ടർ നിർദ്ദേശിച്ചതനുസരിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി ഇപ്പോഴും ചികിൽസയിലാണ്. സ്വന്തം ഭാര്യയുടെ അച്ഛന്റെ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ആണ് ഈ യുവാവിനെ പോലീസ് സ്റ്റേഷനിൽ വിളിച്ചുകൊണ്ടുപോയത്. ആ പോലീസ് സ്റ്റേഷനിലെ രണ്ട് കോൺസ്റ്റബിൾമാരായ ശ്രീ. സോമശേഖരൻ നായരും ശ്രീ. ശശിയുംകൂടിച്ചേർന്നാണ് ഇത്ര ക്രൂരമായി ആ യുവാവിനെ മർദ്ദിച്ച് അവശനാക്കിയത്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ലോക്കപ്പ് മർദ്ദനം അവസാനിപ്പിച്ചിരിക്കുന്നു എന്ന് പറയുന്ന ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി ഞാൻ സൂചിപ്പിക്കുന്നു, ഒരു പുതിയ ഉപകരണംകൂടി ഇപ്പോൾ പോലീസ് സ്റ്റേഷനിൽ മർദ്ദനത്തിന് ഉപയോഗിക്കുന്നു. ശംഖ്! അമ്പലങ്ങളിൽ ഊതാൻ ഉപയോഗിക്കുന്ന ശംഖ് ഇപ്പോൾ പോലീസ്സ്റ്റേഷനിൽ മർദ്ദനത്തിനുപയോഗിക്കുന്നു! ആ ശംഖ് വച്ച് യുവാവിന്റെ ശരീരം മുഴുവൻ ഇടിച്ച് പാടുണ്ടാക്കി ഇപ്പോഴും മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിൽസയിലാണ്. ഒരു പെറ്റീഷന്റെ അടിസ്ഥാനത്തിൽ ഒരു യുവാവിനെ കൊണ്ടുപോയി ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

കൃത്യമാണ് ! ഒരു ശ്രോതാവ് എസ്. ഐ. ആണ് അവിടെയിരിക്കുന്നത്. സഖീംരാജ് എന്നു പറയുന്ന ഒരു ചെറുപ്പക്കാരൻ, ഒരു പോലീസ് സ്റ്റേഷനിലും വച്ചേക്കാൻ പാടില്ലാത്ത ഒരാളാണ് ആ എസ്. ഐ. ആഭ്യന്തര വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ഭരണകാലത്ത് ലോക്കപ്പ് മർദ്ദനങ്ങളുടെ എണ്ണം കൂട്ടാനാണെങ്കിൽ ആ പോലീസ് സ്റ്റേഷൻ ഉപകരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത്ര ക്രൂരമായി മർദ്ദനം നടത്തുന്ന ആളുകളെ ഒരു ദിവസം ഒരു ലോക്കപ്പ് മർദ്ദനമെങ്കിലും നടക്കാത്ത ദിവസമില്ല— ആ നടപടി അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആരോപണത്തെക്കുറിച്ച് അന്വേഷിക്കാം. കുറ്റക്കാരായ ആളുകളുടെമേൽ നടപടി സ്വീകരിക്കാം. ഒരു പോലീസ് സ്റ്റേഷനിലും ശംഖ് വിതരണം ചെയ്തിട്ടില്ല.

മി. സ്പീക്കർ : ശംഖ് വളരെ ആദരവോടുകൂടി ഉപയോഗിക്കേണ്ട കാര്യമല്ലേ !

(7) വെള്ളപ്പൊക്ക ദുരിതാശ്വാസ നടപടികളുടെ പേരിൽ അഴിമതി

ശ്രീ. കെ. ടി. കണാരൻ : സർ, നമ്മുടെ സംസ്ഥാനത്തിന് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് അനുവദിച്ചുതന്നിട്ടുള്ള സംഖ്യ ചെലവഴിക്കുന്ന സന്ദർഭത്തിൽ ഭരണകക്ഷി, പ്രതിപക്ഷമെന്ന ഏറ്റവും നഗ്നമായ, വിവേചനപരമായിട്ടുള്ള നിലപാടാണ് ഇവിടത്തെ പ്രതിപക്ഷ എം. എൽ. എ. മാരുടെ നിയോജകമണ്ഡലങ്ങളിലുണ്ടായിട്ടുള്ളത്. ഞങ്ങൾ കൊടുത്തിട്ടുള്ള പല ലിസ്റ്റുകളും മാറ്റി ഭരണകക്ഷിക്കാർ നൽകിയ ലിസ്റ്റ് പകരം വയ്ക്കുന്നു. അത്തരത്തിൽ നഗ്നമായ വിവേചനം പല നിയോജകമണ്ഡലങ്ങളിലുമുണ്ടായിട്ടുണ്ട്. ചെലവഴിക്കുന്നതിന്റെ വെള്ളപ്പൊക്കമാണ് ഇപ്പോൾ നടക്കുന്നത് ! ഓരോ മണ്ഡലത്തിലുമുള്ള മന്ത്രിമാരും എം. എൽ. എ. മാരും അവിടെ നടന്നിട്ടുള്ള ദുരിതാശ്വാസനടപടികളെക്കുറിച്ച് സംസാരിച്ചു. ഇന്ന് വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന ഈ സംഖ്യ ചെലവഴിക്കപ്പെടുകയാണ്. അത് മാത്രമല്ല, ശമ്പളം കൊടുക്കുന്നതിനുപോലും ഈ സംഖ്യ വിനിയോഗിക്കുന്നു എന്നുള്ള കാര്യം ഇന്നലെ ഈ സഭാതലത്തിൽ പറഞ്ഞതാണ്. കൃത്യമായി, ലാപ്സാകാതെതന്നെ ഇന്ന് തുടങ്ങിക്കഴിഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഒരു പ്രത്യേക സംവിധാനമെന്ന നിലയിൽ ഭരണകക്ഷി എം. എൽ. എ. മാരും പ്രതിപക്ഷ എം. എൽ. എ. മാരും ജില്ലാ തലത്തിൽ എങ്കിലും അത് കൃത്യമായി നടത്തിക്കാൻ അടിയന്തിര സ്വഭാവത്തോടുകൂടിയ ഒരു സംവിധാനം ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ നമ്മുടെ വിദ്യാഭ്യാസമന്ത്രി രണ്ടു ലക്ഷം രൂപ വീതം പി. ടി. എ. യെ ഏൽപ്പിക്കുമെന്ന് പറഞ്ഞു, ഇപ്പോൾ അതിന്റെ ഓർഡർ നൽകിക്കഴിഞ്ഞിരിക്കുകയാണ്. മേൽക്കൂരയ്ക്കും ആസ്ബസ്റ്റോസിനും വേണ്ടി എഴുപത്തിനായിരം രൂപയുടെ ഓർഡർ എൻജിനീയർ മുഖേന നൽകിയിരിക്കുകയാണ്. അതിന്റെ കമ്മീഷന്റെ കാര്യങ്ങളൊക്കെ നമുക്ക് അറിയാവുന്നതാണ്. എന്നാൽ പി. ടി. എ. ക്കാർക്ക് കൊടുക്കാമെന്നു പറഞ്ഞ സംഖ്യപോലും കൊടുക്കുന്ന കാര്യത്തിൽ ഏറ്റവും സാങ്കേതികമായ

LIBRARY ARCHIVES Kerala Legislative Assembly